## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*264** 13.03.2020-ൽ മറുപടിക്ക്

## റോഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ**<br>**,, പി.ഉബൈദുള്ള**<br>**,, എൻ.എ.നെല്ലിക്കുന്ന്**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ റോഡുകൾ സുരക്ഷിതവും ഗതാഗതയോഗ്യവും ആണെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 31.12.2019-ന് മുമ്പ് റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. 31.12.2019-ന് മുമ്പ് 97% റോഡുകളും കുഴികളടച്ച് ഗതാഗത യോഗ്യമാക്കിയിരുന്നു. ബഡ്ജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളത്. നിലവിൽ 98.6% റോഡുകളും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിൽ അനുവദിച്ച നോൺ പ്ലാൻ ഫണ്ടിൽ നിന്നും 11,000 കി.മീ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് പദ്ധതി/പദ്ധതിയേതരം/റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് റോഡ് സുരക്ഷ സംവിധാനങ്ങളായ റോഡ് മാർക്കിംഗുകൾ, റോഡ് സ്റ്റഡുകൾ, സൈൻബോർഡുകൾ, ക്രാഷ്ബാരിയറുകൾ, റമ്പിൾ |

സ്റ്റഡ്‌കൾ, റിഫ്ലക്ടറുകൾ, ഡീലിനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്റ്റ് ഹസാർഡ് മാർക്കറുകൾ എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിച്ചു വരുന്നു. റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിനു വേണ്ടി ആവശ്യമായ റോഡ് സുരക്ഷാ ഐറ്റംസ് ഉൾപ്പെടുത്തിയാണ് ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡ് സുരക്ഷാ വിഭാഗവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകൾ സുരക്ഷിതവും ഗതാഗതയോഗ്യവും ആക്കുന്നതിനുമായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ടായി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. ദേശീയപാതാ വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്നബാധിത ഭാഗങ്ങളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുണ്ട്. പുതിയ റീസർഫസിംഗ് പ്രവൃത്തികൾ നടത്തുന്ന കൂട്ടത്തിൽ ആവശ്യമായ സൈൻബോർഡുകൾ, റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, സ്റ്റഡുകൾ, മാർക്കിംഗുകൾ, എന്നിവ സ്ഥാപിച്ച് അപകടസാധ്യത കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. റോഡ് സേഫ്റ്റിക്കും, ഗവേഷണത്തിനും, ഡിസൈനിംഗിനുമായി നാറ്റ്പാക്ക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനങ്ങൾ നടത്തുന്നുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ്

| | | | |
|---|---|---|---|
| | | | നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | റോഡുകളുടെ തകർച്ചയ്ക്കും അതുമൂലമുണ്ടാകുന്ന അപകടങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | നിർമ്മാണ പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ